2. അയാൾ സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ താമസക്കാരനല്ലാതിരിക്കുകയോ അയാൾക്ക് ആ പ്രദേശത്ത് സ്വന്തമായോ, കൈവശമായോ ഭൂമി ഇല്ലാതിരിക്കുകയോ ആണെങ്കിലും എന്നാൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി മാത്രം രൂപീകൃതമാക്കിയിട്ടുള്ള സംഘത്തിന്റെ കാര്യത്തിൽ ഈ വ്യവസ്ഥ ബാധകമാകുന്നതല്ല.

3. അയാൾ നിർധനനാകുന്നതിന് അപേക്ഷിക്കുകയോ അവിമുക്ത നിർധനനായിരിക്കുകയോ ആണെങ്കിലും

4. രാഷ്ട്രീയ സ്വഭാവത്തോടുകൂടിയ ഒരു കുറ്റത്തിനോ സൻമാർഗ്ഗഭ്രംശം ഉൾപ്പെടാത്ത ഒരു കുറ്റത്തിനോ അല്ലാതെ മറ്റേതെങ്കിലും കുറ്റത്തിന് അയാളെ ശിക്ഷിക്കുകയും ശിക്ഷ തീർന്ന തീയതി മുതൽ അഞ്ച് വർഷം കഴിയുകയും ചെയ്തിട്ടില്ലെങ്കിലും

5. അയാൾ സംഘത്തിന്റെയോ ധനസഹായ ബാങ്കിന്റെയോ ശമ്പളം പറ്റുന്ന ജീവനക്കാരനാണെങ്കിലും എന്നാൽ ഈ നിയന്ത്രണം സഹകരണ മോട്ടോർ ട്രാൻസ്പോർട്ട് സംഘങ്ങൾക്കും സഹകരണ തൊഴിൽ ശാലകൾക്കും ധനസഹായ ബാങ്കിലെ ജീവനക്കാർക്ക് വേണ്ടിയുള്ള സംഘങ്ങൾക്കും യഥാർത്ഥ തൊഴിലാളികളുടെ നന്മയ്ക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള സംഘങ്ങൾക്കും ബാധകമാകുന്നതല്ല.

6. സഹകരണ നിയമം വകുപ്പ് 68 പ്രകാരം അയാളെ സർചാർജ്ജ് ചെയ്യുകയും പണം കൊടുത്തത് മുതലോ സർചാർജ്ജിന്റെയോ ഉത്തരവിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം വസ്തു തിരികെ കൊടുത്തത് മുതലോ മൂന്ന് വർഷം കഴിഞ്ഞിട്ടില്ലെങ്കിലും അർഹനായിരിക്കുന്നതല്ല.

(സി) അപ്രകാരം വ്യവസ്ഥ ചട്ടങ്ങളിൽ ഇല്ല. അംഗത്വത്തിനുള്ള അപേക്ഷാ ഫോറം നിഷേധിക്കുന്നത് സംബന്ധിച്ച് വിശദമായ രേഖാമൂലമുള്ള പരാതി ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ/രജിസ്ട്രാർക്ക് നൽകുകയാണെങ്കിൽ അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**സഹകരണ സ്ഥാപനങ്ങൾ മുഖേനയുള്ള കാർഷിക വായ്പകൾ**

**102 (447)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ സാമ്പത്തിക വർഷവും സഹകരണ സ്ഥാപനങ്ങൾ മുഖേന എത്ര തുകയുടെ കാർഷിക വായ്പകൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ ഈ ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ സാമ്പത്തിക വർഷവും സഹകരണ സ്ഥാപനങ്ങൾ മുഖേന വിതരണംചെയ്ത കാർഷിക വായ്പയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽനിന്നും 40417.95 ലക്ഷം രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ട്. അവയുടെ സ്ഥാപനം തിരിച്ചുള്ള കണക്ക് അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്. *

**സഹകരണ സ്ഥാപനങ്ങൾ എഴുതിത്തള്ളിയ ലോൺ**

**103 (448)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തശേഷം മരിച്ചുപോകുന്ന സഹകാരികളുടെ ലോൺ കടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ ഇനത്തിൽ എത്ര തുക എഴുതിത്തള്ളിയിട്ടുണ്ടെന്നും എത്ര കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും വായ്പയെടുത്തശേഷം മരിച്ചുപോകുന്ന വായ്പക്കാരുടെ വായ്പ ബാധ്യത കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതിത്തള്ളുന്നു. ആയതിന് വായ്പക്കാരൻ വായ്പ എടുക്കുമ്പോൾ റിസ്ക് ഫണ്ട് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രീമിയം അടച്ചിരിക്കണം. മരണ തീയതിയിൽ വായ്പക്കാരന് 70 വയസ്സ് കവിയാൻ പാടില്ല. മരണ തീയതിക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly